**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **19-01-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കർഷകർക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ നെന്മാറ,കൊല്ലംങ്കോട് എന്നീ ബ്ലോക്കുകളിൽ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 48100 എണ്ണം പച്ചക്കറി വിത്തുകൾ,270000 പച്ചക്കറി തൈകൾ, 15 സ്കൂളുകളിലെ പച്ചക്കറി തോട്ടം, 13 ജില്ലാ ക്ലസ്റ്ററുകൾ, 9 ഹെക്ടർ തരിശു നില കൃഷി , 30 ഹെക്ടർ സ്റ്റാഗേഡ് പച്ചക്കറി കൃഷി, പരമ്പരാഗത വിത്തിനങ്ങളുടെ പ്രോത്സാഹനത്തിന് 1.5 ഹെക്ടർ, പോഷകാഹാരത്തോട്ടം, 225 ഗ്രോബാഗുകൾ,1200 സ്ക്വയർമീറ്റർ മഴമറ എന്നിങ്ങളെയുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. 90 ജൈവഗൃഹം സംയോജിത കൃഷി രീതി പ്രോജക്റ്റ് അനുവദിച്ചിട്ടുണ്ട്. സുഭിക്ഷകേരളം പദ്ധതിയിൽ483.5557 ഹെക്ടറിൽ തരിശു നിലകൃഷിക്കായി കർഷകർക്ക് സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിക്കായി 16.66 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | പച്ചക്കറി വികസന പദ്ധതി 2020-21 നടത്തിപ്പിന് വേണ്ടി നെന്മാറ നിയോജക മണ്ഡലത്തിൽ 5185800 രൂപ ചെലവഴിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശു നില കൃഷിയ്ക്ക് 3083178 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി കൃഷിക്കായി 666400 രൂപയും അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇൻഷിയേറ്റീവ് പദ്ധതിയായ ജൈവഗൃഹം സംയോജിത കൃഷി രീതി പ്രോജക്റ്റ് പ്രകാരം 17.31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ